**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 3569** **14/03/2017 -ൽ മറുപടിയ്ക്ക്**

**പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 755/16**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) | പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 755/16 നമ്പരായി കേസ് ചാർജ് ചെയ്ത് പ്രതിയ്ക്ക് സമൻസ് നൽകിയ കേസിൻമേൽ 22/10/2016-ലെ ഡി.ജി.പി.യുടെ D8-14755/16/ PHQ നമ്പർ കത്ത് പ്രകാരം സ്പെഷ്യൽ റിപ്പോർട്ട് നൽകിയത് വളരെ പെട്ടെന്ന് യാതൊരു അന്വേഷണവും നടത്താതെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 760/17/ പൊ.ഭ.വ. തീയതി 3/2/17 പ്രകാരം വകുപ്പുതല അനന്തര നടപടികൾ ആവശ്യമില്ലായെന്ന് കാണിച്ച് ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | എ) | പൂവ്വാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 755/16 നമ്പരായി, ചാർജ് ചെയ്ത കേസിൽ ഡി.ജി.പി. നൽകിയ സ്പെഷ്യൽ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ നേരിൽ കേട്ടശേഷമാണ് വകുപ്പുതലത്തിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന 03/02/2017-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| ബി) | കുട്ടിയെ ക്രൂരമായി മർദ്ദിച്ചതിന് ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ നടപടി നേരിടുന്നതും, കേരള പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കോടതി വിചാരണയിലിരിക്കുന്നതുമായ കേസിലെ പ്രതിയുടെ പേരിലുള്ള വകുപ്പുതല നടപടികൾ ആവശ്യമില്ല എന്ന മേൽ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് വകുപ്പ്തല നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ? | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ